*"ഭരണഭാഷ-മാതൃഭാഷ"*

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം**
**നഗരാസൂത്രകന്റെ നടപടിക്രമം,**

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - തലപ്പലം ഗ്രാമപഞ്ചായത്ത്- ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം - Usage of plot and lay-out of buildings അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. ശ്രീമതി. മാളു എം. എടവാക്കൽ -ന്റെ 14.07.2021, 17.02.2022, 10.03.2022 എന്നീ തീയതികളിലെ അപേക്ഷകൾ.
2. ഈ കാര്യാലയത്തിലെ 07.09.2021, 02.03.2022 എന്നീ തീയതികളിലെ യഥാക്രമം TCPKTM/376/2021-C, TCPKTM/142/2022-C എന്നീ നമ്പർ കത്തുകൾ.

---

ഉത്തരവ് നമ്പർ : **TCPKTM/188/2022-C** തീയതി : **16/03/2022**

---

തലപ്പലം ഗ്രാമപഞ്ചായത്തിൽ, ഈരാറ്റുപേട്ട വില്ലേജിൽ, ബ്ലോക്ക് നമ്പർ 50 -ൽ റീ-സർവേ നമ്പർ 359/14-2 ൽ ഉൾപ്പെട്ട 12.62 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ Fuel Filling Station (Group I - Hazardous occupancy) നിർമ്മിക്കുന്നതിനാണ് അപേക്ഷിച്ചിരിക്കുന്നത്. Canopy, Sales building, toilet block എന്നിവയുടെ വിസ്തീർണ്ണം യാഥാക്രമം 168.00 ചതുരശ്ര മീറ്റർ, 46.56 ചതുരശ്ര മീറ്റർ, 13.13 ചതുരശ്ര മീറ്റർ എന്നിങ്ങനെയാകുന്നു (Power 3 HP ഉം തൊഴിലാളികളുടെ എണ്ണം 7). അപേക്ഷകൾ പരിഗണിച്ച് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KPBR-2019) ചട്ടം 5(6), 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി Usage of plot and lay-out of buildings അംഗീകാരം നൽകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, KPBR -2019 ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.
2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2019 (KPBR-2019) ലെ ചട്ടം.9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം , നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ചു സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ/1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. പ്ലോട്ട് മണ്ണിട്ട് നികത്തുന്നതിന്/മണ്ണ്നീക്കം ചെയ്യുന്നത് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.
5. KPBR -2019 പ്രകാരം ഖര - ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ല എന്നും

സെക്രട്ടറി ഉറപ്പാക്കണം.

6. KPBR -2019, ചട്ടം 47(1) പ്രകാരം fuel tank, vent pipe എന്നിവയുടെ സ്ഥാനവും നിർമ്മാണവും Petroleum Rules 1976 ന് അനുസൃതമായിരിക്കണം
7. നിർമ്മാണം KPBR-2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല . കെ.പി.ബി.ആർ-2019 പ്രകാരം തലപ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ , നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി തലപ്പലം ഗ്രാമ പഞ്ചായത്ത്ൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 12/2022/KTM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
തലപ്പലം ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ശ്രീമതി. മാളു.എം.എടവാക്കൽ, കൊഴുവൻമാക്കൽ ഹൗസ്, കൈപ്പള്ളി.പി.ഒ, കോട്ടയം-686582
2. അധികം -1

S16032022